ആവശ്യമായ ടെസ്റ്റുകൾ നടത്തി വേണ്ടുന്ന അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വരുന്നു. കൂടാതെ Monthly Maintenance ന്റെ ഭാഗമായി ഓരോ മാസത്തിലും ഒരു ദിവസം ഓരോ ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തിവച്ച ശേഷം ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു. ഇതിനുപുറമേ അടിയന്തരമായി ഉണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിക്കുന്നുമുണ്ട്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡ പ്രകാരം ജലവൈദ്യുത പദ്ധതികളിലെ യന്ത്രസാമഗ്രികളുടെ ശരാശരി പ്രവർത്തന ആയുസ് 35 വർഷമാണ്. ഇതനുസരിച്ച് 35 വർഷത്തിലധികം പഴക്കമുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്ര സാമഗ്രികളുടെ ശിഷ്ടായുസ് നിർണ്ണയ പഠനം (RLA Study) നടത്തി നവീകരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, പെരിങ്ങൽക്കുത്ത് എന്നീ സ്റ്റേഷനുകളുടെ നവീകരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഷോളയാർ പദ്ധതിയുടെ നവീകരണത്തിനുള്ള കരാർ FEPL-FUYUAN കൺസോർഷ്യവുമായി 6-7-2015-ൽ ഒപ്പുവച്ചു. ഇടുക്കി ഒന്നാംഘട്ടം മെഷീനുകളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വിവിധ കാലഘട്ടങ്ങളിലെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പ്പാദനം

9 (5813) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച പുതിയ വൈദ്യുത പദ്ധതികൾ ഏതെങ്കിലും ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ച ഏതെല്ലാം പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചു ; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ കാലയളവിൽ പുതുതായി ഉല്പാദിപ്പിച്ചത് ; വിശദമാക്കാമോ ;

(സി) 2006-2011 കാലഘട്ടത്തിൽ ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചുവെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഈ കാലയളവിൽ ഉല്പാദിപ്പിച്ചതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചു ; ഇതിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ നിർമ്മാണം ആരംഭിച്ച കാരിക്കയം പദ്ധതിയുടെ 10.5 MW ഒന്നാംഘട്ടം പൂർത്തീകരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ഉത്പ്പാദനം ആരംഭിച്ചു.

(ബി) മുൻ വർഷങ്ങളിൽ ആരംഭിച്ച് ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ച് ഉത്പ്പാദനം ആരംഭിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

പദ്ധതി	മെഗാവാട്ട്	നിർമ്മാണം ആരംഭിച്ച വർഷം	ഉത്പ്പാദനം ആരംഭിച്ച വർഷം
റാന്നി-പെരിനാട്	4	ജനുവരി 2009	ഫെബ്രുവരി 2012
പീച്ചി	1.25	നവംബർ 2010	ജനുവരി 2013
വിലങ്ങാട്	7.50	മാർച്ച് 2010	സെപ്റ്റംബർ 2014
ചിമ്മിനി	2.50	ആഗസ്റ്റ് 2011	മേയ് 2015
ആകെ	15.25		

(സി) 2006-2011 കാലയളവിൽ ആരംഭിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ താഴെപറയുന്ന പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ച് ഉത്പ്പാദനം ആരംഭിച്ചു.

റാന്നി-പെരിനാട്	4 മെഗാവാട്ട്
പീച്ചി	1.25 "
വിലങ്ങാട്	7.50 "
ആകെ	12.75 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കാലഘട്ടത്തിൽ സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കാൻ അനുവദിച്ച വൈദ്യുത പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ച് ഉത്പ്പാദനം ആരംഭിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

3 MW-ന്റെ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി.

റീഅലോട്ട് ചെയ്ത 10.5 MW ന്റെ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (ഒന്നാംഘട്ടം)

1.5 MW ന്റെ ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി (രണ്ടാം ഘട്ടം)

110 KW ന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതി

50 KW ന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി

1.	ചിമ്മിനി	2.5 MW
2.	ആഢ്യൻപാറ	3.5 "
3.	വെള്ളത്തൂവൽ	3.6 "
4.	പെരുന്തേനരുവി	6 "
5.	ഭൂതത്താൻകെട്ട്	24 "
6.	പെരിങ്ങൽകുത്ത്	24 "
	ആകെ	63.6 "

(ഡി) ഇതിൽ ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി 22-5-2015-ൽ കമ്മീഷൻ ചെയ്തു. മറ്റ് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 3.5 മെഗാവാട്ടിന്റെ ആഢ്യൻപാറ ജലവൈദ്യുത പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. സ്വന്തം നിലയിലും ഏജൻസിവഴിയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.* ഇതിൽ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 1 മെഗാവാട്ട് പവർ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും പെരിങ്ങൽകുത്ത് പവർ ഹൗസിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന 50 KWP സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റും 2015 ജൂലൈ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. സൗരോർജ്ജത്തിൽനിന്ന് 268 മെഗാവാട്ട് ഉല്പാദിപ്പിക്കാവുന്ന 17 പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കാറ്റിൽ നിന്നുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ബൂട്ട് (BOOT) വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് ഏകദേശം 100 MW സ്ഥാപിതശേഷി കൈവരിക്കാവുന്ന 23 പദ്ധതികൾ IPP, CPP വിഭാഗത്തിലായി അനുവദിച്ചു. ഇതിൽ രണ്ടു പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്.

ഹൈഡൽ പവർ പ്രോജക്ടുകൾ

10 (5814) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൂടുതൽ ഹൈഡൽ പവ്വർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 88.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ബോർഡും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22 പദ്ധതികളുടെ DPR തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.

ഊർജ്ജോത്പ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ 100 മെഗാവാട്ടിന്റെ ഉത്പ്പാദനത്തിനായി 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി നടത്തുന്ന പരിപാടികൾ

11 (5815) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി വകുപ്പ് നടത്തുന്ന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly